**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - ഗ്രാമവികസന വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ ജോലിചെയ്യുവരുന്ന ശ്രീമതി. ബിജിലിമോൾ പി. ജോസഫിനെ മാതൃവകുപ്പിലേക്ക് തിരികെ അയച്ച് പകരം അതേ വകുപ്പിലെ സീനിയർ ക്ലാർക്കായ ശ്രീമതി. ഷൈലജ പി.എ.-യെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിലേക്ക് പുനർവിന്യാസ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3029/2018/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 29.11.2018.**

പരാമർശം: 1) സ.ഉ.(പി) നം.187/2000/തസ്വഭവ തീയതി.04.07.2000

2) സ.ഉ.(സാധാ) നം.1247/2017/തസ്വഭവ തീയതി, 20.04.2017

3) ഗ്രാമവികസന കമ്മീഷണറുടെ 23.08.2018, 08.10.2018, 01.11.2018-ലെ 5806/എസ്റ്റാ.സി3/18/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

പുനർവിന്യാസ വ്യവസ്ഥയിൽ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ ജോലിചെയ്യുവരുന്ന ഗ്രാമവികസന വകുപ്പിലെ ക്ലാർക്കായ ശ്രീമതി. ബിജിലിമോൾ പി. ജോസഫിനെ മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുന്നതിനും പകരം അതേ വകുപ്പിലെ സീനിയർ ക്ലാർക്കായ ശ്രീമതി. ഷൈലജ പി.എ.-യെ നെടുങ്കണ്ടം ബ്ലോക്കിലേക്കും ശ്രീ. ഹരികുമാർ.ബി, ക്ലാർക്കിനെ അമ്പലപ്പുഴ ബ്ലോക്കിലേക്കും പുനർവിന്യസിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

ഗ്രാമവികസന വകുപ്പിൽ നിന്നും പുനർവിന്യസിച്ച് കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ ജോലിചെയ്യുവരുന്ന ശ്രീമതി ബിജിലിമോൾ പി. ജോസഫിനെതിരെ വിജിലൻസ് അന്വേഷണങ്ങളൊ മറ്റ് നടപടി ക്രമങ്ങളൊയില്ലായെന്നും അതോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിക്കേണ്ട പതിനൊന്ന് ജീവനക്കാരെയും പുനർവിന്യസിച്ചിട്ടുള്ളതായും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ ഗ്രാമവികസന വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കപ്പെടേണ്ട 11 ജീവനക്കാരെയും പുനർവിന്യസിച്ചിട്ടുള്ള തിനാൽ ഒരു ജീവനക്കാരനെ മാതൃവകുപ്പിലേക്ക് തിരികെ അയക്കുന്നതിനു പകരമായി പുനർവിന്യസിക്കുന്നതിന് ഒരു ജീവനക്കാരന്റെ അപേക്ഷ മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളു. അതിനാൽ പരാമർശം (1)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ ജോലിചെയ്യുവരുന്ന ഗ്രാമവികസന വകുപ്പിലെ ക്ലാർക്കായ ശ്രീമതി. ബിജിലിമോൾ പി. ജോസഫിനെ മാതൃവകുപ്പിലേക്ക് തിരികെ അയച്ച് പകരം സർവ്വീസിൽ സീനിയർ ആയ ശ്രീമതി. ഷൈലജ പി.എ.-യ്ക്ക് ടിയാൻ ആവശ്യപ്പെട്ടതിൻ പ്രകാരം നെടുങ്കണ്ടം ബ്ലോക്കിലേക്ക് പുനർവിന്യാസ നിയമനം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, കാഞ്ഞിരപ്പള്ളി ബ്ലോക്ക്, കോട്ടയം

സെക്രട്ടറി, നെടുങ്കണ്ടം ബ്ലോക്ക്, ഇടുക്കി

ബന്ധപ്പെട്ട വ്യക്തികൾക്ക് (വകുപ്പ് മേധാവി മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ